ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

122 [5267] ശ്രീ. തന്നാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട രോഗപരിശോധന സൗകര്യങ്ങളും ചികിത്സയും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്ന 20 ലക്ഷത്തോളം കുടുംബങ്ങളെ ഉൾപ്പെടുത്തി ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടപ്പാക്കാനുള്ള നടപടികൾ എടുത്തുവരുന്നു. തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

നിർദ്ധനരായ രോഗികൾക്ക് സൗജന്യ ചികിത്സാ സൗകര്യം

123 [5268] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ ആരോഗ്യ മേഖലയ്ക്കായുള്ള ഫണ്ടിൽ 76% ശമ്പള ഇനത്തിലുള്ള ചെലവുകൾക്കായി ഉപയോഗിക്കുകയും ആതുര സേവനത്തിന് തുച്ഛമായ തുക മാത്രം ലഭ്യമാകുന്നുള്ളുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിച്ച് ആതുര സേവന രംഗം മെച്ചപ്പെടുത്തുവാനും അതുവഴി നിർദ്ധനരായ രോഗികൾക്ക് സൗജന്യ ചികിത്സാ സൗകര്യം പരമാവധി നൽകുവാനും സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയില്ലാതെ നടപ്പാക്കുവാനുമായി ഏതെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ആതുര സേവന മേഖലയിലെ കെട്ടിടങ്ങളും ചികിത്സാ ഉപകരണങ്ങളും സാധന സാമഗ്രികളും കൃത്യമായ പരിപാലനവും മെയിന്റനൻസും മറ്റും നടത്തുവാൻ പര്യാപ്തമായ ഫണ്ടില്ലാത്തതിനാൽ വലിയ കേടുപാടുകൾ സംഭവിക്കുന്നതും കാര്യക്ഷമത കുറയുന്നതുമായ വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വർഷാവർഷങ്ങളിലായി സംഭവിക്കുന്ന ഡിറ്റീരിയറേഷൻ തടയുവാൻ തക്കവിധത്തിലുള്ള പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

(എ) ആരോഗ്യ മേഖലയ്ക്കുള്ള പദ്ധതിയേതര ഫണ്ടിൽ നിന്നും കൂടുതൽ തുക ശമ്പള ഇനത്തിലുള്ള ചെലവുകൾക്കായി ഉപയോഗിക്കേണ്ടിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly